# പതിനാലാം കേരള നിയമസഭ

# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം.312 — 21-06-2018-ലെ മറുപടിക്ക്

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. കെ.വി. അബ്ദുൾ ഖാദർ<br>,, ഇ.പി. ജയരാജൻ<br>പ്രൊഫ. കെ.യു. അരുണൻ<br>ശ്രീ. പുരുഷൻ കടലുണ്ടി | ഡോ.ടി.എം. തോമസ് ഐസക്ക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |

**<u>സാമ്പത്തിക പ്രതിസന്ധി ഒഴിവാക്കാനുള്ള നടപടികൾ</u>**

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് പദ്ധതി ചെലവിലും പദ്ധതിയേതര ചെലവിലും ഇരുപത് ശതമാനത്തിലധികം വർദ്ധന വുണ്ടായിരിക്കുന്ന സാഹചര്യത്തിൽ പ്രധാന നികുതി സ്രോതസായ ജി.എസ്.ടി പ്രതീക്ഷിത തോതിൽ വളരാത്തത് റവന്യൂ വിടവിലുള്ള അന്തരം വർദ്ധിപ്പിക്കുന്നതിനാൽ വികസന ക്ഷേമപ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാനിടയുണ്ടോ; നികുതി ചോർച്ച ഒഴിവാക്കാനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | പദ്ധതി പദ്ധതിയേതര ചെലവുകളുടെയും റവന്യൂ വരുമാനത്തിലുമുള്ള അന്തരം ക്രമാനുഗതമായി കൂടി വരുന്നുവെന്നത് സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ആശങ്കയുളവാക്കുന്ന ഒന്നാണ്. എന്നാൽ വികസന ക്ഷേമ ചെലവുകളിലൊരു കുറവും വരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. സംസ്ഥാനത്തിന്റെ തനത് റവന്യൂ വരുമാനം വർദ്ധിപ്പിച്ചുകൊണ്ട് ഈ സ്ഥിതി വിശേഷം മറികടക്കുകയെന്നതാണ് കരണീയം. എന്നാൽ ചരക്ക സേവനനികുതി നടപ്പിലാക്കിയതോടുകൂടി നികുതി ഭരണത്തിൽ സംസ്ഥാനങ്ങൾക്കുള്ള അധികാരം പരിമിതപ്പെട്ടു. ടി പരിമിതമായ സാഹചര്യത്തിലും ചരക്ക് സേവന നികുതി ഇതരപിരിവ് ഊർജ്ജിതപ്പെടുത്തിയും നികുതി ചോർച്ച ഒഴിവാക്കിയും നികുതിയേതര വരുമാനം വർദ്ധിപ്പിച്ചും കർശനമായ സാമ്പത്തിക അച്ചടക്കം പാലിച്ച് ധനദൃഢീകരണം സാദ്ധ്യമാക്കിയുമുള്ള സാമ്പത്തിക മാനേജ്മെന്റിലൂടെ മേൽ ബുദ്ധിമുട്ട് പരിഹരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി നികുതിചോർച്ച പരിഹരിക്കുന്നതിനായി പ്രധാന വകുപ്പുകൾ മുഖേന കൈക്കൊണ്ട നടപടികൾ ചുവടെ ചേർക്കുന്നു:<br>**<u>രജിസ്ട്രേഷൻ വകുപ്പ്</u>**<br>(i) 01.01.86 മുതൽ 31.03.2010 വരെ കുടിശ്ശികയുണ്ടായിരുന്ന അണ്ടർവാല്യുവേഷൻ കേസുകൾ, ഫ്ലാറ്റുകളുടെ അണ്ടർ വാല്യുവേഷൻ കുടിശ്ശിക എന്നിവ തീർപ്പാക്കുവാൻ ഒറ്റതവണ തീർപ്പാക്കൽ പദ്ധതി നടപ്പിൽ വരുത്തി.<br>(ii) ഫ്ലാറ്റുകളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട റവന്യൂ നഷ്ടം തടയുന്നതിനായി Central PWD മാനദണ്ഡപ്രകാരമുള്ള വില നിർണ്ണയത്തിനായി കേരള മുദ്രപത്ര |

| | | |
|---|---|---|
| | | നിയമത്തിൽ 28B എന്ന പുതിയ സെക്ഷൻ കൂട്ടിച്ചേർത്തു.<br>**എക്സൈസ് വകുപ്പ്**<br>(i) അബ്കാരി കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (ആംനെസ്റ്റി സ്കീം) നടപ്പിലാക്കി.<br>**വാണിജ്യ നികുതി വകുപ്പ്**<br>(i) മെറ്റൽ ക്രഷർ യൂണിറ്റുകൾ, മറ്റ് നിർമ്മാണ യൂണിറ്റുകൾ എന്നിവ രജിസ്ട്രേഷൻ എടുത്തിട്ടുണ്ട് എന്ന് ഉറപ്പു വരുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മലിനീകരണ നിയന്ത്രണ ബോർഡ്, മൈനിംഗ് & ജിയോളജി വകുപ്പ്, ഇൻകം ടാക്സ് വകുപ്പ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നിവിടങ്ങളിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>(ii) ദീർഘകാലമായുള്ള നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിലേയ്ക്കായി 2010-11 വരെയുള്ള വർഷങ്ങളിൽ ആകർഷകമായ ആംനസ്റ്റി പദ്ധതി നടപ്പിൽ വരുത്തി. അതിന്റെ കാലാവധി ദീർഘിപ്പിച്ചു നൽകി.<br>(iii) നികുതി വെട്ടിപ്പ് തടയുന്നതിനായുള്ള ശാസ്ത്രീയ പരിശോധനകൾക്ക് സൈബർ ഫോറൻസിക് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.<br>(iv) ജി.എസ്.ടി നടപ്പിലാക്കിയതോടെ അന്തർ സംസ്ഥാന ചരക്കു നീക്കത്തിന് ഈ-വേ ബിൽ സമ്പ്രദായം നടപ്പിലാക്കി. സംസ്ഥാനത്തിനകത്തുള്ള ചരക്കുനീക്കത്തിനും ചില ഉപാധികളോടെ ഈ-വേ ബിൽ നടപ്പിലാക്കി.<br>(v) നികുതി വെട്ടിപ്പിനുള്ള ഒരു പ്രധാന മാർഗ്ഗമാണ് റെയിൽവേ വഴിയുള്ള കള്ളക്കടത്ത്. ഇത്തരം ചരക്കു കടത്ത് തടയുന്നതിനായി റെയിൽവേ സ്റ്റേഷനുകൾ കേന്ദ്രീകരിച്ചുള്ള ഇന്റലിജൻസ് സ്ക്വാഡുകളുടെ പരിശോധന ശക്തമാക്കിയിട്ടുണ്ട്.<br>(vi) കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സർവ്വർ സ്ഥാപിക്കുകയും സിസ്റ്റം സ്ക്രൂട്ടിനി സാധ്യമാകുന്ന സോഫ്റ്റ് വെയർ ഉപയോഗപ്പെടുത്തി ഉയർന്ന വിറ്റുവരവുള്ള വ്യാപാര മേഖലയിൽ നികുതി നിർണ്ണയം നടത്തുന്ന നടപടികൾ കാര്യക്ഷമമായി നടന്നു വരുന്നു.. |

| | | |
|---|---|---|
| | | (vii) കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്.<br>(viii) അപ്പീൽ കേസുകളും കോടതി കേസുകളും എത്രയും വേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.<br>(ix) റിട്ടേൺ സ്ക്രൂട്ടിനി, കുടിശ്ശിക അസസ്മെന്റ് എന്നിവ കാര്യക്ഷമമാക്കിവരുന്നു.<br>(x) റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. |
| (ബി) | നികുതി വർദ്ധനവിൽ മാന്ദ്യതയുള്ള സാഹചര്യത്തിൽ, കടമെടുപ്പ് പരിധിയും റവന്യൂകമ്മിയും കുറയ്ക്കണമെന്ന കേന്ദ്ര നിർദ്ദേശം ധനപ്രതിസന്ധിക്ക് വഴിവെക്കാതിരിക്കാൻ എന്ത് മാർഗ്ഗമാണുള്ളതെന്ന് വെളിപ്പെടുത്തുമോ; | സർക്കാരിന്റെ റവന്യൂ വരുമാനം വർദ്ധിപ്പിച്ചും അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും സാമ്പത്തിക അച്ചടക്കം പാലിച്ചും ധനദൃഡീകരണം കൈവരിക്കുക എന്നതാണ് സർക്കർ നയം. ഇതിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന നടപടികൾ കൈക്കൊണ്ടു വരുന്നു.<br>1. അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള ചരക്കുനീക്കം നിരീക്ഷിക്കുന്നതിന് മൊബൈൽ സ്ക്വാഡുകളുടെ പ്രവർത്തനം വിപുലീകരിക്കും.<br>2. കേരള മൂല്യവർദ്ധിത നികുതി കുടിശ്ശിക തീർപ്പാക്കുന്നതിനായി 2017-18 ബജറ്റിൽ പ്രഖ്യാപിച്ച ആംനസ്റ്റി സ്കീമിന്റെ കാലാവധി നീട്ടി നൽകിയിട്ടുണ്ട്.<br>3. വിദേശ നിർമ്മിത വിദേശമദ്യത്തിന്റെ വ്യാപാരവും വിപണനവും ബീവറേജസ് കോർപ്പറേഷൻ ഏറ്റെടുക്കുവാൻ തീരുമാനിച്ചു.<br>4. അന്യസംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത് സംസ്ഥനത്ത് അടക്കേണ്ടുന്ന നികുതി വെട്ടിച്ച് കേരളത്തിൽ ഉപയോഗിക്കുന്ന വാഹനങ്ങൾക്ക് നികുതി ഒടുക്കുന്നതിനായി ആംനസ്റ്റി സ്കീം 2018-19 ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.<br>5. ഭൂമിയുടെ ന്യായവിലയുമായി ബന്ധപ്പെട്ട അണ്ടർ വാല്യുഷൻ കേസുകൾ തീർപ്പാക്കുന്നതിനായി ജില്ലകളിൽ സെറ്റിൽമെന്റ് കമ്മീഷനുകൾ രൂപീകരിക്കുന്നതാണ്.<br>6. വിവിധ വസ്തു കൈമാറ്റങ്ങൾക്കുള്ള മുദ്രവില യുക്തിസഹമായി പുതുക്കി നിശ്ചയിക്കുവാൻ തീരുമാനിച്ചു.<br>7. ഭൂമിയുടെ ന്യായവിലയിൽ നിലനിൽക്കുന്ന അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ ആലോചന യിലാണ്.<br>8. വിവിധ സേവനങ്ങൾക്കുള്ള ഫീസുകളും ചാർജ്ജുകളും 5% വർദ്ധിപ്പിച്ചു.<br>9. റവന്യു റിക്കവറി നടപടികൾ ത്വരിതപ്പെടുത്തും.<br>10. നികുതി ചോർച്ച തടയുന്നതിന്റെ |

| | | |
|---|---|---|
| | | ഭാഗമായി ഇന്റേണൽ ഓഡിറ്റ് വിഭാഗം ശക്തമാക്കി.<br>ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിന് നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവുകൾ കർശനമായി പാലിച്ചുകൊണ്ടും ധൂർത്തും അനാവശ്യചെലവുകൾ ഒഴിവാക്കിയും ചെലവുകളിൽ മിതത്വം പുലർത്തിയുമുള്ള നടപടികളിലൂടെ സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തുന്നതിനുതകുന്ന മാർഗ്ഗനിർദ്ദേശ ങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട് |
| (സി) | കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനാപരമായ മാറ്റങ്ങൾ സംസ്ഥാന സമ്പദ് വ്യവസ്ഥയിൽ സൃഷ്ടിക്കുന്ന പ്രത്യാഘാതം വിശദമാക്കാമോ? | കേന്ദ്ര സർക്കാർ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ എണ്ണം അറുപത്തിയാറിൽ നിന്നും ഇരുപത്തിയെട്ട് എണ്ണമാക്കി കുറയ്ക്കുകയുണ്ടായി. ഇതിൽ ആറെണ്ണം കോർ ഓഫ് ദി കോർ എന്ന വിഭാഗത്തിലും ഇരുപത് എണ്ണം കോർ എന്ന വിഭാഗത്തിലും രണ്ടെണ്ണം ഓപ്ഷണൽ വിഭാഗത്തിലുമായാണ് നിജപ്പെടുത്തിയത്. പുതിയ സംവിധാനം അനുസരിച്ച് ചില പ്രധാന പദ്ധതികളെ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ നിന്നും മാറ്റുകയും ചില പദ്ധതികൾ മറ്റു പദ്ധതികളുമായി ലയിപ്പിക്കുകയും ചെയ്യുകയുണ്ടായി. കേന്ദ്രാവിഷ്കൃത പദ്ധതിയിൽ നിന്നും ഒഴിവാക്കിയ പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ തുക സംസ്ഥാന സർക്കാർ വകയിരുത്തുന്നുണ്ട്. ഇത് സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക ബാദ്ധ്യത ഗണ്യമായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ അറുപത് ശതമാനത്തിന് മുകളിൽ കേന്ദ്ര വിഹിതം ലഭിച്ചിരുന്ന പല പദ്ധതികളുടെയും വിഹിതം കുറച്ചത് സംസ്ഥാനത്തിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കിയിട്ടുണ്ട്. |

അക്കൗണ്ട്സ് ഓഫീസർ